കേരള സർക്കാർ

(സംഗ്രഹം)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹോമിയോപ്പതി വകുപ്പ് - ജീവനകാര്യം - ഡോ.കെ.അനീഷ് കുമാറിന് ജില്ലാ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (ജെ) വകുപ്പ്**

**സ.ഉ (സാധാ) നം.658/2015/ആ.കു.വ. തീയതി, തിരുവനന്തപുരം,20/02/2015**

പരാമർശം:- 1. ജി.ഒ.പി.354/2014 ആകുവ തീയതി 16.12.2014

2. ഹോമിയോപ്പതി ഡയറക്ടറുടെ 17.01.2015-ലെ 3351/ഇഎ 4/2013/ ഡി.എച്ച്. - - നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശത്തിലെ സർക്കാർ ഉത്തരവ് അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം ഹോമിയോപ്പതി വകുപ്പിൽ നിലനിന്നിരുന്ന ജില്ലാ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നതിന് മലപ്പുറം സർക്കാർ ഹോമിയോ ആശുപത്രിയിലെ സൂപ്രണ്ട് ഡോ.കെ.അനീഷ് കുമാറിനെ ഉൾപ്പെടുത്തിയിരുന്നു. പരാമർശം (2) ലെ കത്ത് പ്രകാരം ടിയാനെ 24040-38840 രൂപ ശംപള നിരക്കിൽ ഉദ്യോഗക്കയറ്റം നൽകി നിലവിൽ ഒഴിവ് നിലനിൽക്കുന്ന വയനാട് ജില്ലയിലെ (ഹോമിയോ) ജില്ലാ മെഡിക്കൽ ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകുവാൻ ഹോമിയോപ്പതി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ഡോ.കെ.അനീഷ് കുമാറിനെ 24040-38840 രൂപ ശംപള നിരക്കിൽ വയനാട് ജില്ലയിൽ ഒഴിവുള്ള ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) തസ്തികയിലേക്ക് ഉദ്യോഗക്കയറ്റ നിയമനം നൽകി ഉത്തരവാകുകയും ചെയ്യുന്നു.

3. ടിയാൻ നിലവിലുള്ള ആശുപത്രിയിൽ നിന്നും വിടുതൽ ആയതിന്റെയും സ്ഥലം മാറ്റം ലഭിച്ച വയനാട് ഡി.എം.ഒ (ഹോമിയോ) ആയി ജോലിയിൽ പ്രവേശിച്ചതിന്റെയും ആർ.ടി.സി. അടിയന്തിരമായി ഹോമിയോപ്പതി ഡയറക്ടർക്കും, അക്കൗണ്ടന്റ് ജനറലിനും ലഭ്യമാക്കേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻപ്രകാരം)**
നിഷ.എസ്.
**ഡെപ്യൂട്ടി സെക്രട്ടറി**

ഹോമിയോപ്പതി ഡയറക്ടർ, തിരുവനന്തപുരം
ഡോ.കെ.അനീഷ് കുമാർ, (ഹോമിയോപ്പതി ഡയറക്ടർ മുഖാന്തിരം)
ജില്ലാ മെഡിക്കൽ ഓഫീസർ, വയനാട്, മലപ്പുറം (ഹോമിയോപ്പതി ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ മലപ്പുറം, വയനാട്
ഡയറക്ടർ, വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ